LIBRARY ARCHIVES Kerala Legislative Assembly

മുല്ലപ്പെരിയാർ ഡാം - മേൽനോട്ട സമിതി

106 (8166) ശ്രീ. സി. ദിവാകരൻ :
ശ്രീ. വി. എസ്. സുനിൽകുമാർ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) മുല്ലപ്പെരിയാർ ഡാം സംബന്ധിച്ച് ഒരു മേൽനോട്ട സമിതി രൂപീകരിച്ച് വിജ്ഞാപനമുണ്ടായിട്ടുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത സമിതിയിലെ അംഗങ്ങൾ ആരെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത മേൽനോട്ട സമിതിയുടെ ചുമതലകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(സി) പ്രസ്തുത സമിതിയുടെ ചെലവുകൾ വഹിക്കുന്നതിനും ഡാമിന്റെ അറ്റകുറ്റപ്പണികൾ നിർവ്വഹിക്കുന്നതിനുമുള്ള ചുമതല ആരിലാണ് നിക്ഷിപ്തമായിട്ടുള്ളതെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) മുല്ലപ്പെരിയാർ വിഷയത്തിൽ ബഹുമാനപ്പെട്ട സുപ്രീംകോടതി 7-5-2014-ൽ പുറപ്പെടുവിച്ച വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ, 1-7-2014 ലെ ഓഫീസ് മെമ്മോറാണ്ടം പ്രകാരം (Office Memorandum No. R-16011/6/2014-Pen River dated 1-7-2014) മേൽനോട്ട സമിതി രൂപീകരിച്ചിട്ടുണ്ട്. ഇപ്രകാരം രൂപീകരിച്ച മേൽനോട്ട സമിതിയിലെ അംഗങ്ങൾ താഴെ പറയുന്നവരാണ്.

(a) ചീഫ് എഞ്ചിനീയർ ഡാം സേഫ്റ്റി ഓർഗനൈസേഷൻ (DSO), സെൻട്രൽ വാട്ടർ കമ്മീഷൻ (CWC), ചെയർമാൻ- എക്സ് ഒഫീഷ്യോ (ശ്രീ. എൽ. എ. വി. നാഥൻ, ചീഫ് എഞ്ചിനീയർ ഡാം സേഫ്റ്റി ഓർഗനൈസേഷൻ, സെൻട്രൽ വാട്ടർ കമ്മീഷൻ).

(b) പ്രിൻസിപ്പൽ സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്, തമിഴ്നാട് സംസ്ഥാന ഗവണ്മെന്റ്, മെമ്പർ -എക്സ് ഒഫീഷ്യോ (ഡോക്ടർ എം. സായികുമാർ, പ്രിൻസിപ്പൽ സെക്രട്ടറി, തമിഴ് നാട് സംസ്ഥാന ഗവണ്മെന്റ്)

(c) അഡീഷണൽ ചീഫ് സെക്രട്ടറി, ജലവിഭവ വകുപ്പ്, കേരള സംസ്ഥാന ഗവണ്മെന്റ്- മെമ്പർ - എക്സ് ഒഫീഷ്യോ (ശ്രീ. വി. ജെ. കുര്യൻ, അഡീഷണൽ ചീഫ് സെക്രട്ടറി, കേരള, സംസ്ഥാന ഗവണ്മെന്റ്)

(ബി) മേൽനോട്ട സമിതിയുടെ അധികാരങ്ങളും ചുമതലകളും താഴെപ്പറയുന്ന വയാണ്:

(i) മുല്ലപ്പെരിയാർ ഡാമിലെ പൂർണ്ണ ജലനിരപ്പ് (FRL), 142 അടിയിലേക്ക് പുനഃസ്ഥാപിക്കുന്നതിന് ഈ സമിതി മേൽനോട്ടം വഹിക്കും.

(ii) ഈ സമിതി കാലാകാലങ്ങളിൽ (പ്രത്യേകിച്ച് വർഷകാലത്തിനു മുമ്പും വർഷകാലത്തും) സൂക്ഷ്മപരിശോധന നടത്തേണ്ടതും ഡാമിന്റെ സുരക്ഷാ കാര്യങ്ങൾ സൂക്ഷ്മനിരീക്ഷണം നടത്തി ആവശ്യമായ നടപടികൾ ശിപാർശ ചെയ്യുകയും വേണം. പ്രസ്തുത ശിപാർശകൾ തമിഴ്നാട് നടപ്പിലാക്കണം.

(iii) ഈ സമിതിക്ക് മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷയുമായി ബന്ധപ്പെട്ട അടിയന്തരഘട്ടങ്ങളിൽ ആവശ്യമായ നടപടികളെടുക്കുന്നതിനും ഇരു സംസ്ഥാനങ്ങൾക്കും (തമിഴ്നാടും കേരളവും) അല്ലെങ്കിൽ ഏതെങ്കിലുമൊരു സംസ്ഥാനത്തിനോ വേണ്ട നിർദ്ദേശങ്ങൾ നൽകുന്നതിനും അധികാരമുണ്ട്. ബന്ധപ്പെട്ട എല്ലാവരും ഈ നിർദ്ദേശങ്ങൾ അനുസരിക്കാൻ ബാദ്ധ്യസ്ഥരുമാണ്.

(iv) സമിതി കാലാകാലങ്ങളിൽ നടത്തുന്ന പരിശോധനകളിൽ ആവശ്യമായി കണ്ടെത്തുന്ന മുൻകരുതൽ നടപടികൾ കേന്ദ്ര ജലകമ്മീഷന്റെയും ഡാം സേഫ്റ്റി ഓർഗനൈസേഷന്റെയും മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി നടപ്പിലാക്കുന്നതിന് തമിഴ്നാടിനെ സമിതി അനുവദിക്കേണ്ടതാണ്.

(സി) മേൽനോട്ട സമിതിയുടെ ചെലവുകൾ വഹിക്കുന്നതിനും ഡാമിന്റെ അറ്റകുറ്റപ്പണികൾ നിർവ്വഹിക്കുന്നതിനുമുള്ള ചുമതല തമിഴ്നാട് സർക്കാരിൽ നിക്ഷിപ്തമാണ്.

ഡാമുകളുടെ നിരീക്ഷണത്തിനായി സി.സി.റ്റി.വി. സംവിധാനം

107 (8167) ശ്രീ. കെ. കെ.നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ജലസേചന വകുപ്പിന്റെ കീഴിലുള്ള ഡാമുകളുടെ നിരീക്ഷണത്തിനായി സി.സി.റ്റി.വി. സംവിധാനം സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് അറിയിക്കുമോ ;

(ബി) ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly